4. സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ.

5. മരച്ചില്ലകൾക്കിടയിലൂടെ കടന്ന് പോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bundled Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക.

6. മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക.

(ബി) 2017-18 കാലയളവിൽ മൂന്ന് ലക്ഷത്തിൽപ്പരം വൈദ്യുതി കണക്ഷനുകൾ നൽകാനുണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

(സി) വിതരണരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18 കാലയളവിൽ 2725 കി.മീ. 11 KV ലൈൻ വലിച്ച് 2508 ട്രാൻസ്ഫോർമർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 1100 ഓളം കി.മീ കവചിത കേബിൾ ആണ് ഉപയോഗിക്കുന്നത് (800 കി.മീ ABC-യും 300 കി.മീ. ഭൂഗർഭ കേബിളും). കൂടാതെ നിലവിലുള്ള 1754 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആയി മാറ്റുകയും 1000 കി.മീ. HT ലൈനും 7500 കി.മീ. LT ലൈനും മെച്ചപ്പെട്ട കമ്പി ഉപയോഗിച്ച് പുനർനിർമ്മിക്കാനും പുതിയ കണക്ഷനുകൾ നൽകുന്നതിനും മറ്റുമായി ഏകദേശം 3000 കി.മീ. LT ലൈനും (430 കി.മീ. ABC കവചിത കേബിൾ ഉൾപ്പെടെ) നിർമ്മിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് (5 വർഷത്തെ ഭരണകാലയളവിൽ) വിതരണ മേഖലയിൽ 20,99,316 വൈദ്യുത കണക്ഷനുകൾ നൽകുകയും 9,989 കി.മീ. 11 കെ.വി. ലൈൻ, 19,284 കി.മീ എൽ.റ്റി ലൈൻ എന്നിവ നിർമ്മിക്കുകയും 16,348 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 13,272 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും 38,71,999 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം

17 (*646) ശ്രീ. ബി. സത്യൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം സംഘങ്ങളുടെ പുനരുജ്ജീവനത്തിലൂടെ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാനവും ഉപജീവനമാർഗ്ഗവും പ്രദാനം ചെയ്യാനുതകുന്ന എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്;

(സി) പുതിയ പദ്ധതികളുടെ നടത്തിപ്പിനായി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങൾക്ക് പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ&ഡി) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി ഗ്രാന്റ് നൽകുന്നത് ഉൾപ്പെടെ ചുവടെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. എസ്.സി/എസ്.റ്റി. സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 6 ലക്ഷം രൂപ അനുവദിച്ചുവരുന്നു. (2,40,000 രൂപ ഓഹരി, 3,60,000 രൂപ സബ്സിഡി)

2. ടി സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റിനത്തിൽ പരമാവധി 5 ലക്ഷം രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചുവരുന്നു.

3. സർക്കാർ ഓഹരി മൂലധനമായി പരമാവധി 4 ലക്ഷം രൂപ (ഓഹരിയിനത്തിൽ) അനുവദിച്ചുവരുന്നു.

4. ടി സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റിനത്തിൽ പരാവധി രണ്ട് ലക്ഷം രൂപ (സബ്സിഡിയിനത്തിൽ) അനുവദിച്ചുവരുന്നു.

5. ടി സംഘം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് മാനേജീരിയൽ സബ്സിഡിയായി ഒരു സംഘത്തിന് പ്രതിമാസം 5,000 രൂപ നിരക്കിൽ ആദ്യത്തെ രണ്ട് വർഷവും പ്രതിമാസം 3,000 രൂപ നിരക്കിൽ അടുത്ത രണ്ട് വർഷവും; പ്രതിമാസം 1,000 രൂപ നിരക്കിൽ അഞ്ചാം വർഷവും സർക്കാർ അംഗീകരിച്ച് നൽകിയ മാർഗ്ഗ നിർദ്ദേശ പ്രകാരം മാനേജീരിയൽ സബ്സിഡിയും അനുവദിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിനും പരമാവധി 5 ലക്ഷം രൂപ (ഓഹരി 1,50,000 രൂപ; സബ്സിഡി 3,50,000 രൂപ) അനുവദിച്ചുവരുന്നു.

7. സംഘാംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ടിനത്തിലും ടി സംഘങ്ങൾക്ക് പരാവധി 5 ലക്ഷം രൂപ അനുവദിച്ചുവരുന്നുണ്ട്.

ഇതിനുപുറമെ പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 30 ലക്ഷം രൂപ ഗ്രാന്റും 20 ലക്ഷം രൂപ ഓഹരിയും ഉൾപ്പെടെ 50 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിലൂടെ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാനവും ഉപജീവനമാർഗ്ഗവും പ്രദാനം ചെയ്യാനുതകുന്ന ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു.

1. എസ്.സി./എസ്.റ്റി സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം നൽകിവരുന്ന 6 ലക്ഷം രൂപ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 20 ലക്ഷം രൂപയായി (ഓഹരി 5 ലക്ഷം രൂപ; സബ്സിഡി-15 ലക്ഷം രൂപ) വർദ്ധിപ്പിക്കുന്നതിനും; സംഘം പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രവർത്തന മൂധന ഗ്രാന്റിനത്തിൽ അനുവദിച്ചുവരുന്ന 2 ലക്ഷം രൂപ എന്നത് 5 ലക്ഷം രൂപയാക്കുന്നതിനും; ജീവനക്കാർക്ക് നിലവിൽ നൽകിവരുന്ന മാനേജീരിയൽ സബ്സിഡിയിൽ മാറ്റം വരുത്തി ആദ്യത്തെ അഞ്ച് വർഷം പ്രതിമാസം 10,000 രൂപ നിരക്കിലും, ടി 5 വർഷക്കാലത്തിനിടയിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000 രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും നൽകുന്നതിന് നിലവിലുള്ള മാർഗ്ഗ നിർദ്ദേശത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

2. അട്ടപ്പാടിയിലെ പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് പൈലറ്റ് അടിസ്ഥാനത്തിൽ ഇ.എം.എസ്. കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലുമായി ചേർന്ന് സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക, ആരോഗ്യ പ്രവർത്തകരെ/വോളന്റിയർമാരെ എല്ലാ കോളനികളിലും വിട്ട് ആരോഗ്യ പോഷക ആവശ്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച് ബോധവാൻമാരാക്കുക, ആംബുലൻസ് സേവനങ്ങൾ ഉറപ്പാക്കുക, ഗർഭിണികൾക്കും കുട്ടികൾക്കും ഭക്ഷണവും ആവശ്യമായ പോഷകാഹാരങ്ങളും നൽകുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജില്ലാ പട്ടികവർഗ്ഗ വികസന ആഫീസർ, ജില്ലാ പട്ടികജാതി ആഫീസർ, ജോയിന്റ് രജിസ്ട്രാർ എന്നിവർ സംയുക്തമായി ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതാണ്. ഈ പദ്ധതി ആവശ്യാനുസരണം മറ്റ് അവശ്യ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കാവുന്നതാണ്.

3. കേരള എസ്.സി/എസ്.റ്റി ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉൽപാദന യൂണിറ്റിന്റെ പേറ്റന്റുകൾ അടങ്ങിയ മരുന്നുകളുടെ ഉൽപാദനത്തിനായുള്ള സഹായ പദ്ധതി.

4. ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.റ്റി. സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ള സഹായത്തിനുള്ള പദ്ധതി.

(ഡി) പുതിയ പദ്ധതികളുടെ നടത്തിപ്പിനായി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

1. നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക യെന്ന ലക്ഷ്യത്തോടെ സബ്സിഡിയിനത്തിൽ 30 ലക്ഷം രൂപയും ഓഹരിയിനത്തിൽ 10 ലക്ഷം രൂപയും ഉൾപ്പെടെ 40 ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം പരിശോധിച്ചുവരുന്നു.

2. ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക യെന്ന ലക്ഷ്യത്തോടെ സബ്സിഡിയിനത്തിൽ 30 ലക്ഷം രൂപയും ഓഹരിയിനത്തിൽ 20 ലക്ഷം രൂപയും ഉൾപ്പെടെ 50 ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം പരിശോധിച്ചുവരുന്നു.

2017-18 വർഷത്തിൽ ടി സംഘങ്ങൾക്ക് നൽകുന്നതിനായി ഓഹരിയിനത്തിൽ 252 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly